**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി**
**2026 – മാണ്ട് മാർച്ച് മാസം 28 -)ം തീയതി**

# MC. No. 7 / 2019

| | | |
|---|---|---|
| ഹർജികക്ഷി | : | വിനീത, 39 വയസ്സ്, D/o. മോഹനൻ,<br>പാലഞ്ചേരിയിൽ വീട്, കാൽവരി മൗണ്ട്, ഇടുക്കി ജില്ല<br>(പ്രതിനിധീകരിക്കുന്നത് അഡ്വ. ഡി. ജയേഷ്) |
| എതൃകക്ഷി | : | ബിജു.റ്റി, 51 വയസ്സ് , S/o. തങ്കപ്പൻ ,<br>ആര്യാട് പറമ്പ് വീട്, പറവൂർ വില്ലേജ്,<br>അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ ജില്ല<br>(പ്രതിനിധീകരിക്കുന്നത് അഡ്വ. ധന്യ ബാബു &<br>അഡ്വ. റിച്ചു റോബർട്ട്) |

2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12-)ം വകുപ്പ് പ്രകാരമുള്ള ഈ ഹർജി 26.03.2026 ന് കോടതിയുടെ പരിഗണനയിൽ വന്നതിൽ 28.03.2026 ന് പുറപ്പെട്ടുവിക്കുന്ന

## ഉത്തരവ്

1. ഹർജി 2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12-)ം വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ്.
2. ഹർജി സംഗതി ഇപ്രകാരം ആണ് :-

ഹർജികക്ഷിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം ഇടുക്കി ജില്ലയിൽ നിർമ്മല സിറ്റിയിൽ മുളകരമേട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ വെച്ച് 21.03.2018 തീയതിയിൽ ജാതിമതാചാരപ്രകാരം നിയമാനുസരണം ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സാന്നിധ്യത്തിൽ നടന്നിട്ടുള്ളതും, ടി വിവാഹം ഇരുകക്ഷികളുടെയും രണ്ടാം വിവാഹം ആയിരുന്നതുമാണ്. വിവാഹശേഷം

ഹർജികക്ഷിയും എതൃകക്ഷിയും ഭാര്യഭർതൃബന്ധം പുലർത്തി എതൃകക്ഷിയുടെ വീട്ടിൽ താമസിച്ചുവന്നിരുന്നതാണ് . ഹർജികക്ഷിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹ ദിവസം ഹർജികക്ഷിയുടെ മാതാപിതാക്കൾ 15 പവൻ സ്വർണാഭരണങ്ങൾ ഹർജികക്ഷിയെ അണിയിച്ചിരുന്നതും, വിവാഹശേഷം അന്നേ ദിവസം വൈകുന്നേരം ഹർജികക്ഷിയുടെ എല്ലാ സ്വർണാഭരണങ്ങളും സൂക്ഷിക്കുവാൻ എന്ന വ്യാജേന എതൃകക്ഷി ബലമായി ഊരി വാങ്ങിക്കുകയും ചെയ്തിരുന്നതാണ്. വിവാഹത്തിന്റെ ആദ്യനാൾ മുതൽ എതൃകക്ഷി സ്ഥിരമായി മദ്യപിച്ച് വന്ന് ഹർജികക്ഷിയോട് വളരെ മോശമായി പെരുമാറി വന്നിരുന്നതും കൂടുതൽ സ്വർണവും പണവും ആവശ്യപ്പെട്ട് എതൃകക്ഷി ഹർജികക്ഷിയെ ശാരീരികമായും മാനസികമായും പീഡിപ്പിച്ച് വന്നിരുന്നതുമാണ്. വിവാഹശേഷം എതൃകക്ഷി ഹർജികക്ഷിക്ക് വേണ്ട യാതൊരു ചെലവുകളും വഹിക്കാതെ ജീവിച്ച വന്നിരുന്നതും ജോലിയോ മറ്റു വരുമാനമോ ഇല്ലാത്ത ഹർജികക്ഷിക്ക് ടിയാളുടെ മാതാവ് വസ്തുങ്ങളും ചെരുപ്പും മറ്റ് അവശ്യവസ്തുക്കളും വാങ്ങി നൽകി വന്നിരുന്നതുമാണ്. അപ്രകാരമിരിക്കെ 16.01.2019 തീയതിയിൽ എതൃകക്ഷി അമിതമായി മദ്യപിച്ച് വന്ന് ഹർജികക്ഷിയെ അസഭ്യം പറയുകയും ആക്ഷേപിക്കുകയും ദേഹോപദ്രവം ഏൽപ്പിച്ച് ടി പങ്കുപാർത്ത വീട്ടിൽ നിന്നും ഇറക്കി വിട്ടിട്ടുള്ളതും, ആയതിന് എതൃകക്ഷിക്ക് യാതൊരു അധികാരം ഇല്ലാത്തതും ഹർജികക്ഷിക്ക് എതൃകക്ഷിയുടെ വീട്ടിൽ താമസിക്കുന്നതിന് അവകാശം ഉള്ളതുമാണ്. ഹർജികക്ഷിക്ക് സ്വന്തമായി തൊഴിലോ മറ്റു വരുമാനമോ ഇല്ലാത്തതും ഹർജികക്ഷി ടിയാളുടെ മാതാവിന്റെ സംരക്ഷണയിൽ കഴിഞ്ഞുവരുന്നതുമാണ്. എതൃകക്ഷി വെൽഡറായും മോട്ടോർ ഓപ്പറേറ്ററായും ജോലി ചെയ്തു വരുന്നതും ടിയാന് പ്രതിമാസം ജോലിയിൽ നിന്നും മറ്റ് സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നുമായി 18,000/- (പതിനെട്ടായിരം) രൂപ വരുമാനം ഉള്ളതുമാണ്. ഹർജികക്ഷിയുടെ ഭക്ഷണം, മരുന്ന് തുടങ്ങിയ മിതവും ന്യായവുമായ ജീവിത ആവശ്യങ്ങൾക്ക് ഹർജികക്ഷിക്ക് പ്രതിമാസം 7000/- (ഏഴായിരം) രൂപ ആവശ്യമായിട്ടുള്ളതും ആയത് നൽകുന്നതിന് എതൃകക്ഷിക്ക് കഴിവും ആരോഗ്യവും വരുമാനവും ഉള്ളതുമാണ്. ആകയാൽ എതൃകക്ഷിയുടെ പേരിലുള്ള "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ് വീട്ടിൽ" ഹർജികക്ഷി താമസിക്കുന്നതിന് തടസ്സം ചെയ്യരുതെന്ന് എതൃകക്ഷിയോട് നിർദ്ദേശിച്ച് പാർപ്പിട ഉത്തരവിനും, ഹർജികക്ഷിക്ക് പ്രതിമാസം

7000/- (ഏഴായിരം) രൂപ ജീവനാംശം നൽകുന്നതിന് എതൃകക്ഷിയെ നിർദ്ദേശിച്ച് ഉത്തരവ് ലഭിക്കുന്നതിനുമാണ് മേല്പടി ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

3. എതൃകക്ഷി നോട്ടീസ് കൈപ്പറ്റുകയും കേസിൽ ആക്ഷേപം ഫയൽ ചെയ്തിട്ടുള്ളതുമാണ്.

4. ഹർജികക്ഷിയെ PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. Ext.P1 മുതൽ Ext.P4 വരെ രേഖകൾ അക്കമിട്ടു തെളിവിൽ സ്വീകരിച്ചു.

5. എതൃകക്ഷിയെ DW1 ആയി വിസ്തരിച്ചു. എതൃകക്ഷിയുടെ ഭാഗത്ത് നിന്നും Ext.D1, Ext.D2 രേഖകൾ അക്കമിട്ടു തെളിവിൽ സ്വീകരിച്ചു

6. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

7. താഴെ പറയുന്ന വിഷയങ്ങൾ നിർണയിക്കേണ്ടതിലേയ്ക്കായി പരിഗണിക്കുന്നു :-

I) എതൃകക്ഷിയുടെ പേരിലുള്ള "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ് വീട്ടിൽ" ഹർജികക്ഷി താമസിക്കുന്നതിന് തടസ്സം ചെയ്യരുതെന്ന് എതൃകക്ഷിയോട് നിർദ്ദേശിച്ച് ഒരു പാർപ്പിട ഉത്തരവ് ലഭിക്കാൻ ഹർജികക്ഷിക്ക് അർഹതയുണ്ടോ ?

II)ഹർജികക്ഷിക്ക് ഭക്ഷണം, മരുന്ന് തുടങ്ങിയ മിതവും ന്യായവുമായ ജീവിത ആവശ്യങ്ങൾക്ക് പ്രതിമാസം 7000/-(ഏഴായിരം) രൂപ ജീവനാംശം ലഭിക്കുന്നതിന് ഹർജികക്ഷിക്ക് അർഹതയുണ്ടോ ?

III)ഹർജികക്ഷി ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ടോ? ഉണ്ടെങ്കിൽ കോടതിക്ക് ഉചിതമെന്ന് തോന്നുന്ന നിവർത്തികൾ ലഭിക്കുന്നതിന് ഹർജികക്ഷിക്ക് അർഹതയുണ്ടോ ?

IV) ഉത്തരവുകളും ചിലവുകളും ?

**<u>പരിഗണന വിഷയം I</u> :-**

8. ഹർജികക്ഷിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം ഇടുക്കി ജില്ലയിൽ നിർമ്മല സിറ്റിയിൽ മുളകരമേട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ വെച്ച് 21.03.2018 തീയതിയിൽ നടന്നിട്ടുള്ളതും, ടി വിവാഹം ഇരുകക്ഷികളുടെയും രണ്ടാം വിവാഹം ആയിരുന്നതുമാണ് എന്ന് ഹർജികക്ഷിയുടെയും എതൃകക്ഷിയുടെയും മൊഴിയുടെ അടിസ്ഥാനത്തിൽ ഈ കോടതിക്ക് ബോധ്യമായിട്ടുള്ളതാണ്. പ്രസ്തുത വിവാഹം

ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ O.P.(HMA)1113/2019 എന്ന കേസിൽ Null and Void ആയി പ്രഖ്യാപിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഹർജികക്ഷി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ മാട്രിമോണിയൽ അപ്പീൽ (IA.No.1/2022 IN MAT.APPEAL.No.623/2022) ഫയൽ ചെയ്യുകയും, തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 31.08.2022 ൽ ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ മേൽപറഞ്ഞ O.P.(HMA)1113/2019-ലെ ഉത്തരവിനെതിരെ സ്റ്റേ ഓർഡർ നൽകുകയും ചെയ്തിട്ടുള്ളതാണ് എന്നും ഹർജിഭാഗം അറിയിച്ചിട്ടുള്ളതാണ്. കേസിന്റെ വിചാരണ വേളയിൽ പ്രസ്തുത അപ്പീൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിൽ പെന്റിങ് ആണെന്നും കോടതിയുടെ തീർപ്പ് ഈ കേസിൽ ഇതുവരെ ആയിട്ടില്ല എന്നും ഇരുകക്ഷികളെയും പ്രതിനിധീകരിച്ച അഭിഭാഷകർ ഈ കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ്. ആയതിനാൽ ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ O.P.(HMA)1113/2019 അന്തിമതീർപ്പ് ആയിട്ടില്ല എന്ന് കാണാവുന്നതാണ്. ആയതിനാൽ 21.03.2018 തീയതിയിലെ ഹർജികക്ഷിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നും ഈ കോടതിക്ക് ബോധ്യമായിരിക്കുന്നു. കൂടാതെ വിവാഹത്തിന് ശേഷം പങ്കുപാർത്ത വീടായ എതൃകക്ഷിയുടെ പേരിലുള്ള "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ് വീട്ടിൽ" താമസിച്ച് വന്നിരുന്നതാണെന്നും ഹർജികക്ഷിയുടെ മൊഴിയിൽ നിന്നും മനസിലാകുന്നു. ഇരുകക്ഷികളുടെയും സത്യവാങ്മൂലത്തിൽ നിന്നും ഇരുവരുടെയും രണ്ടാം വിവാഹം ആണെന്നും, ഹർജികക്ഷിക്ക് ആദ്യവിവാഹത്തിൽ 17 വയസ്സുള്ള മകൻ ഉണ്ട് എന്നും എതിർവിസ്താര വേളയിൽ സമ്മതിച്ചിട്ടുള്ളതുമാണ്. ഹർജികക്ഷിയുടെയും എതൃകക്ഷിയുടെയും 21.03.2018 തീയതിയിൽ നടന്ന വിവാഹം ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ ഉത്തരവ് പ്രകാരം Null and Void ആയി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് എതിർവിസ്താര വേളയിൽ ഹർജികക്ഷി സമ്മതിച്ചിട്ടില്ല എങ്കിലും എതൃകക്ഷി കോടതിയിൽ ഹാജരാക്കിയ Ext.D1 ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ O.P.(HMA)1113/2019 എന്ന കേസിൽ Null and Void ആയി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് കാണുന്നു. എന്നാൽ ഹർജികക്ഷി കോടതി മുമ്പാകെ ഹാജരാക്കിയ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ O.P.(HMA)1113/2019 എന്ന കേസിലെ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട് എന്ന്

കാണുകയാൽ 21.03.2018 തീയതിയിൽ നടന്ന ഇരുകക്ഷികളുടെയും വിവാഹം ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നും ഈ കോടതിയ്ക്ക് ബോധ്യമായിരിക്കുന്നു.

9. 2005 ലെ ഗാർഹിക പീഡന നിരോധന നിയമത്തിൽ 2(f) വകുപ്പ് പ്രകാരം *"domestic relationship" as one between two persons who live or have lived together in a shared household. This includes relationships related by consanguinity (blood), marriage, adoption, or relationships "in the nature of marriage" (live-in relationships)* "ഗാർഹിക ബന്ധം" എന്നത് ഒരു പൊതുവീട്ടിൽ ഒരുമിച്ച് താമസിക്കുന്നതോ താമസിച്ചിരുന്നതോ ആയ രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധമാണ്. രക്തബന്ധം (രക്തം), വിവാഹം, ദത്തെടുക്കൽ, അല്ലെങ്കിൽ "വിവാഹ സ്വഭാവത്തിലുള്ള" (ലിവ്-ഇൻ ബന്ധങ്ങൾ) എന്നിവയുമായി ബന്ധപ്പെട്ട ബന്ധങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഗാർഹിക ബന്ധം *(Domestic Relationship)* ഹർജികക്ഷിയും എതൃകക്ഷിയും തമ്മിൽ ഉണ്ട് എന്ന് മേല്പറഞ്ഞ സാഹചര്യങ്ങളും മൊഴികളും പരിശോധിക്കുമ്പോൾ ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നു.

10. എതൃകക്ഷിയുടെ പേരിലുള്ള "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ്" എന്ന വീടാണ് ഹർജികക്ഷിയും എതൃകക്ഷിയും പങ്കുപാർത്ത വീട് എന്ന് ഹർജികക്ഷിയും എതൃകക്ഷിയും മൊഴി പറഞ്ഞിരിക്കുന്നു. ഹർജികക്ഷിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം ഇടുക്കി ജില്ലയിൽ നിർമ്മല സിറ്റിയിൽ മുളകരമേട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ വെച്ച് 21.03.2018 തീയതിയിൽ നടന്ന രണ്ടാം വിവാഹം ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നും വിവാഹ ശേഷം ടി പങ്കുപാർത്ത വീട്ടിൽ ആയിരുന്നു താമസം എന്നും കോടതിക്ക് ബോധ്യമായിരിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ***പ്രഭ ത്യാഗി v. കമലേഷ് ദേവി (AIR 2022 SC 2331)*** എന്ന വിധിയിൽ, ഒരു സ്ത്രീ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ സ്ഥാപിക്കുന്ന സമയത്തോ അതിന് മുമ്പോ പങ്കുപറ്റിയ വീട്ടിൽ താമസിച്ചതിന്റെ സ്വഭാവരീതി സ്ഥാപിക്കേണ്ട ആവശ്യമില്ല എന്നും നിയമപരമായ അനുമതിയുള്ള ഒരു ബന്ധമുണ്ടെങ്കിൽ ആ ബന്ധത്തിലുള്ള സ്ത്രീക്ക് പങ്കു പറ്റുന്ന വീട്ടിൽ താമസിക്കാനുള്ള അവകാശം ലഭിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. ടി നിയമത്തിലെ 17-)൦ വകുപ്പ് പ്രകാരം സംരക്ഷണത്തിനുള്ള സ്ത്രീയുടെ അവകാശം പങ്കുപറ്റിയ വീട്ടിൽ താമസിക്കാനുള്ള അവകാശവുമായി സഹവർത്തിച്ചിരിക്കുന്നു. ഗാർഹിക

പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിന്റെ 19(a) വകുപ്പ് പ്രകാരം പങ്കു പറ്റുന്ന വീട്ടിൽ നിയമപരവും ധാർമികവുമായ അവകാശവും എതൃകക്ഷിക്ക് ഇല്ലെങ്കിൽ പോലും പീഡിപ്പിക്കപ്പെട്ടയാളുടെ കൈവശാവകാശത്തിന് അലട്ടൽ ഉണ്ടാക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കാൻ സാധിക്കുന്നതാണ്. ടി വകുപ്പ് പ്രകാരം നിയമ പ്രകാരമുള്ള നടപടിക്ക് അനുസൃതമായല്ലാതെ പങ്കുപറ്റുന്ന വീട്ടിൽ നിന്നോ അതിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ എതൃകക്ഷിക്ക് പീഡിപ്പിക്കപ്പെട്ടയാളെ കുടിയൊഴിപ്പിക്കാനോ ഒഴിവാക്കാനോ സാധിക്കില്ല. ഹർജികക്ഷിക്ക് ടി വീട്ടിൽ താമസിക്കാൻ ഇത് പ്രകാരം അവകാശം ഉള്ളതാകുന്നു. ഹർജികക്ഷിയുടെ മൊഴി പ്രകാരം എതൃകക്ഷി നിരന്തരമായി മദ്യപിച്ച് വന്ന് ടി വീട്ടിലെ ഹർജികക്ഷിയുടെ സ്വൈര്യ ജീവിതത്തിന് അലട്ടൽ ഉണ്ടാക്കാറുള്ളതാണ് എന്നും ഹർജിക്കാരിയുടെ മൊഴിയിൽ നിന്ന് മനസിലാകുന്നു. ഇപ്രകാരം ഹർജികക്ഷിയുടെ ടി വീട്ടിലെ കൈവശാവകാശത്തിന് അലട്ടൽ ഉണ്ടാക്കുന്നതിൽ നിന്നും ടി വീട്ടിൽ നിന്നും ഒഴിപ്പിക്കുന്നതിൽ നിന്നും പങ്കുപറ്റുന്ന വീട്ടിലുള്ള ഹർജികക്ഷിയുടെ അവകാശങ്ങൾ പരിത്യജിക്കുന്നതിൽ നിന്നും കൂടാതെ ടി വീട്ടിൽ ഭർത്താവിനോടൊപ്പം തന്നെ താമസിക്കണമെന്നും ഹർജികക്ഷി ഹർജിയിലും സത്യവാങ്മൂലത്തിലും പറയുന്ന സാഹചര്യത്തിൽ "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ് വീട്ടിൽ" ഹർജികക്ഷി താമസിക്കുന്നതിന് തടസ്സം ചെയ്യരുതെന്ന് എതൃകക്ഷിയോട് നിർദ്ദേശിച്ച് കൊണ്ട് ഒരു പാർപ്പിട ഉത്തരവ് ലഭിക്കാൻ ഹർജികക്ഷി അർഹയാണ്. ആയതിനാൽ ഈ പരിഗണന വിഷയം ഹർജികക്ഷിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II :-</u>**

11. ഹർജിയിൽ നിന്നും ഹർജികക്ഷിയുടെ മൊഴിയിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും ഹർജികക്ഷി എതൃകക്ഷിയിൽ നിന്നും സംരക്ഷണ ചിലവിന് അർഹയായിട്ടുള്ള വ്യക്തിയാണെന്ന് കാണാനാകും. ഇടുക്കി ജില്ലയിൽ നിർമ്മല സിറ്റിയിൽ മുളകരമേട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ വെച്ച് 21.03.2018 തീയതിയിൽ നടന്ന ഇരുകക്ഷികളുടെയും രണ്ടാം വിവാഹം ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നും വിവാഹ ശേഷം പങ്കുപാർത്ത വീടായ "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ് വീട്ടിൽ" ആയിരുന്നു ഇരുകക്ഷികളും താമസിച്ചതെന്നും കോടതി മുമ്പാകെ സമ്മതിച്ചിട്ടുണ്ട്.

ഹർജികക്ഷി ബോധിപ്പിച്ച ഹർജി പ്രകാരം ഹർജികക്ഷിയുടെ വിദ്യാഭ്യാസ യോഗ്യത 9-)ം ക്ലാസ്സ് ആണെന്നും ടിയാൾക്ക് ജോലിയോ മറ്റു വരുമാന മാർഗമോ ഇല്ലാത്തതാണെന്നും കാണാവുന്നതാണ്. 2005-ലെ സ്ത്രീകളുടെ ഗാർഹിക പീഡന നിരോധന നിയമം പാലമെന്റ് പാസ്സാക്കിയത് ദുർബലയും അപലയും ആലംബഹീനയുമായ സ്ത്രീയെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ഈ കേസിൽ എതൃകക്ഷി മുമ്പ് വിവാഹിതനും ടി ബന്ധത്തിൽ രണ്ട് പെൺകുട്ടികളും ഉണ്ട് എന്ന കാര്യം മറച്ച് വെച്ചാണ് രണ്ടാം വിവാഹം ചെയ്തത് എന്ന് ഹർജികക്ഷിയുടെ മൊഴിയിൽ നിന്നും മനസിലാകുന്നു. അധിക വിദ്യാഭ്യാസം ഇല്ലാത്തതും ആലംബഹീനയും സാമ്പത്തിക ഭദ്രതയില്ലാത്ത ഹർജികക്ഷിയെ വിവാഹം കഴിച്ച് ഭാര്യഭർത്താക്കന്മാരെ പോലെ കഴിഞ്ഞശേഷം ഹർജികക്ഷിയെ ശാരീരികവും മാനസികവുമായി പീഡിപ്പിച്ച് ടി പങ്കുപാർത്ത വീട്ടിൽ നിന്നും ഇറക്കിവിട്ടത് ഒരു തരത്തിലും സാധൂകരിക്കാൻ പറ്റാത്ത കാര്യമാണെന്ന് ഈ കോടതി കാണുന്നു. ഹർജി പ്രകാരം എതൃകക്ഷി നിലവിൽ വെൽഡറായും മോട്ടോർ ഓപ്പറേറ്ററായും ജോലി ചെയ്തു വരുന്നതും ടിയാന് പ്രതിമാസം ജോലിയിൽ നിന്നും മറ്റ് സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നുമായി 18,000/- (പതിനെട്ടായിരം) രൂപ വരുമാനം ഉള്ളതുമാണ്. ഹർജികക്ഷിയുടെ ഭക്ഷണം, മരുന്ന് തുടങ്ങിയ മിതവും ന്യായവുമായ ജീവിത ആവശ്യങ്ങൾക്ക് ഹർജികക്ഷിക്ക് പ്രതിമാസം 7000/- (ഏഴായിരം) രൂപ ആവശ്യമായിട്ടുള്ളതാണെന്ന് ഹർജികക്ഷി ബോധിപ്പിച്ചിരുന്നു. ഹർജികക്ഷിയുടെ മൊഴി പ്രകാരം നാളിതുവരെ സംരക്ഷണ ചിലവിനായി എതൃകക്ഷി യാതൊരു തുകയും ഹർജികക്ഷിക്ക് നൽകിയിട്ടില്ലാത്തതാകുന്നു. മേൽസംഗതികൾ കണക്കിലെടുക്കുമ്പോൾ ഹർജികക്ഷിക്ക് പ്രതിമാസം 4000/- രൂപ വീതം സംരക്ഷണ ചിലവ് എതൃകക്ഷിയിൽ നിന്നും ലഭിക്കാൻ അർഹതയുണ്ട് എന്ന് കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം ഹർജികക്ഷിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം III :-</u>**

12. വിവാഹത്തിന്റെ ആദ്യനാൾ മുതൽ എതൃകക്ഷി സ്ഥിരമായി മദ്യപിച്ച് വന്ന് ഹർജികക്ഷിയോട് വളരെ മോശമായി പെരുമാറി വന്നിരുന്നതും എതൃകക്ഷി കൂടുതൽ പണവും സ്വർണ്ണവും ആവശ്യപ്പെട്ടു ശാരീരികമായും മാനസികമായും ഉപദ്രവിച്ചു എന്നും ഹർജികക്ഷിയുടെ മൊഴിയിൽ നിന്നും ബോധ്യം

വന്നിട്ടുള്ളതാണ്. ഹർജികക്ഷിക്ക് വേണ്ടി യാതൊരു ചെലവും എതൃകക്ഷി വഹിക്കാതെയും കൂടാതെ നിരന്തരം ശാരീരിക ഉപദ്രവങ്ങൾ ഹർജികക്ഷിയെ ഏൽപ്പിച്ച് വന്നിരുന്നതുമാണ്. അപ്രകാരമിരിക്കെ 16.01.2019 തീയതിയിൽ എതൃകക്ഷി അമിതമായി മദ്യപിച്ച് വന്ന് ഹർജികക്ഷിയെ അസഭ്യം പറയുകയും ആക്ഷേപിക്കുകയും ദേഹോപദ്രവം ഏൽപ്പിച്ച് ടി പങ്കുപാർത്ത വീട്ടിൽ നിന്നും ഇറക്കി വിട്ടിട്ടുള്ളതാണ് എന്നും, തുടർന്ന് ഹർജികക്ഷി ടിയാളുടെ മാതാവിന്റെ സംരക്ഷണയിൽ കഴിഞ്ഞു വന്നിരുന്നതാണ് എന്നും ഹർജികക്ഷി കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ്. എതൃകക്ഷി വെൽഡറായും മോട്ടോർ ഓപ്പറേറ്ററായും ജോലി ചെയ്തു വരുന്നതും ടിയാന് പ്രതിമാസം ജോലിയിൽ നിന്നും മറ്റ് സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നുമായി 18,000/- (പതിനെട്ടായിരം) രൂപ വരുമാനം ഉള്ളതാണ് എന്നും ഹർജികക്ഷിയുടെ മൊഴിയിൽ നിന്നും ഈ കോടതിക്ക് ബോധ്യമായിരിക്കുന്നു. എതൃകക്ഷിയെ കോടതി മുമ്പാകെ വിസ്തരിച്ചപ്പോൾ ഹർജികക്ഷിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം ഇടുക്കി ജില്ലയിൽ നിർമ്മല സിറ്റിയിൽ മുളകരമേട് ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിൽ വെച്ച് 21.03.2018 തീയതിയിൽ നടന്നിട്ടുള്ളതും, ഇരുകക്ഷികളുടെയും രണ്ടാം വിവാഹം ആണെന്നും എതൃകക്ഷി സമ്മതിച്ചിട്ടുള്ളതും, അമ്പലപ്പുഴ ഗ്രാമ ന്യായാലയയിൽ നിന്നും ഹർജികക്ഷിയെ എതൃകക്ഷി ദേഹോപദ്രവം ഏൽപ്പിക്കരുത് എന്ന് വിലക്കി കൊണ്ട് ഒരു ഇടക്കാല സംരക്ഷണ ഉത്തരവ് ഉണ്ടായിട്ടുണ്ട് എന്ന് സമ്മതിക്കാതിരിക്കുകയും എന്നാൽ കോടതിയിൽ താൻ ഹർജികക്ഷിയുമായി ബന്ധപ്പെട്ട് കേസിൽ ഹാജരായിട്ടുണ്ട് എന്നും പറഞ്ഞിട്ടുള്ളതാണ്. എന്നാൽ ഈ കോടതിയുടെ തന്നെ പ്രസ്തുത ഹർജിയിലെ CMP.No.143/2019 ൽ ഹർജികക്ഷിയെ ദേഹോപദ്രവം ഏൽപ്പിക്കരുത് എന്ന് എതൃകക്ഷിയെ വിലക്കി കൊണ്ട് ഒരു ഇടക്കാല ഉത്തരവ് 29.08.2019 ൽ ഉണ്ടായിട്ടുണ്ട് എന്ന് കോടതിക്ക് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവും ഹർജികക്ഷിയുടെ മൊഴിയും നോക്കുമ്പോൾ ഹർജികക്ഷി എതൃകക്ഷിയുടെ കൂടെ പങ്കുപാർത്ത വീട്ടിൽ താമസിച്ചിരുന്ന കാലത്ത് കൂടിയ മാനസികവും ശാരീരികവുമായ പീഡനങ്ങൾ ഹർജിക്കാരിക്ക് ഏറ്റിട്ടുണ്ട് എന്ന് കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. കൂടാതെ എതൃകക്ഷിയിൽ നിന്നും ശാരീരിക പീഡനം ഹർജികക്ഷിക്ക് ഏറ്റിട്ടുണ്ട് എന്ന് ബോധ്യമാകുന്നതിന് Ext.P1 ഒ.പി ടിക്കറ്റ്, Ext.P2 ഒ.പി ടിക്കറ്റും വണ്ടാനം ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജിൽ നിന്ന് ഇഷ്യൂ ചെയ്തിട്ടുള്ളതാണ്. ഹർജികക്ഷിക്കെതിരെ എതൃകക്ഷിയിൽ നിന്നും ശാരീരികവും

മാനസികവുമായ പീഡനം ഏറ്റിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇഷ്യൂ ചെയ്ത Ext.P1, Ext.P2 ഒ.പി ടിക്കറ്റുകളും കൂടാതെ Ext.P3, Ext.P4 രസീതുകളും എതൃകക്ഷി ഹർജികക്ഷിയെ ശാരീരികമായും മാനസികമായും പീഡിപ്പിച്ചിട്ടുണ്ട് എന്ന കാര്യം കോടതി ന്യായമായും സംശയിക്കുന്നു. ഹർജികക്ഷിക്ക് സ്വന്തമായി ജോലിയോ മറ്റ വരുമാനമാർഗമോ ഉള്ള ആളല്ല എന്നും നിർധനയായ മാതാവിന്റെ സംരക്ഷണയിലാണ് ഹർജികക്ഷി ജീവിച്ച് വരുന്നതെന്നും ഹർജികക്ഷിയുടെ മൊഴിയിൽ നിന്നും സത്യവാങ്മൂലത്തിൽ നിന്നും കോടതിക്ക് മനസിലാകുന്നു. ആയതിനാൽ ഒന്നും രണ്ടും നിവർത്തികൾ വിജയകരമായി നടപ്പാക്കുന്നതിന് സംരക്ഷണ ഉത്തരവ് ഹർജികക്ഷിക്ക് നൽകേണ്ടതാണ് എന്ന് കോടതിക്ക് ബോധ്യമായിരിക്കുന്നു. ആയതിനാൽ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 18(a) വകുപ്പ് പ്രകാരമുള്ള സംരക്ഷണ ഉത്തരവ് ലഭിക്കാൻ ഹർജികക്ഷി അർഹയാണ്.

**<u>പരിഗണന വിഷയം IV :-</u>**

13. I മുതൽ III വരെയുള്ള പരിഗണന വിഷയങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ ഹർജി അനുവദിച്ച് താഴെ പറയുന്ന ഉത്തരവുകൾ നൽകുന്നു :-

1. എതൃകക്ഷിയുടെ പേരിലുള്ള "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ ആര്യാട് പറമ്പ് വീട്ടിൽ" ഹർജികക്ഷി താമസിക്കുന്നതിന് തടസ്സം ചെയ്യരുതെന്ന് എതൃകക്ഷിയോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

2. ഹർജികക്ഷിക്ക് ഭക്ഷണം, മരുന്ന് തുടങ്ങിയ ന്യായമായ ജീവിത ആവശ്യങ്ങൾക്ക് പ്രതിമാസം 4000/- (നാലായിരം) രൂപ വീതം ഹർജി തീയതി മുതൽ ജീവനാംശം നൽകാൻ എതൃകക്ഷിയോട് ഉത്തരവാകുന്നു.

3. ഹർജികക്ഷിക്കെതിരെ ശാരീരികവും മാനസികവുമായുള്ള ഗാർഹിക പീഡന കൃത്യങ്ങൾ നടത്തുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഉത്തരവാകുന്നു.

4. എതൃകക്ഷി മേല്പറഞ്ഞ ഉത്തരവുകൾ പാലിക്കാത്തപക്ഷം ഹർജികക്ഷിക്ക് എതൃകക്ഷിക്കെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഈ വിധിയിൽ ബാധിക്കപ്പെട്ട വ്യക്തിക്ക് ഈ തീയതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയിൽ അപ്പീൽ ഹർജി കൊടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 28 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

## അനുബന്ധം

A. ഹർജി ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | വിനീത |

B.എതൃകക്ഷി ഭാഗം സാക്ഷികൾ

| | |
|---|---|
| DW1 | ബിജു.റ്റി |

C.കോടതി ഭാഗം സാക്ഷികൾ - ഇല്ല

D.ഹർജി ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയതിന്റെ ഒ.പി ടിക്കറ്റ് |
| Ext.P2 (PW1) | വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടിയതിന്റെ ഒ.പി ടിക്കറ്റ് |
| Ext.P3 (PW1) | വനിത പോലീസിൽ പരാതിപ്പെട്ടതിന്റെ രസീത് |
| Ext.P4 (PW1) | പരാതിയുടെ രസീത് |

E. എതൃകക്ഷി ഭാഗം തെളിവുകൾ

| | |
|---|---|
| Ext.D1 (DW1) | ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ O.P.(HMA) 1113/2019 ലെ ഉത്തരവ് |
| Ext.D2 (DW1) | ബഹുമാനപ്പെട്ട ആലപ്പുഴ കുടുംബ കോടതിയുടെ O.P(Others) 765/2019 ലെ ഉത്തരവ് |

F. കോടതി ഭാഗം തെളിവുകൾ - ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ - ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**